## ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം
## കോട്ടയം

വിഷയം: ജില്ലാ നഗരാസൂത്രകയുടെ കാര്യാലയം, കോട്ടയം-മീനച്ചിൽ ഗ്രാമ പഞ്ചായത്ത് - ആരാധനാലയ (ചർച്ച് - Group-D) കെട്ടിട നിർമ്മാണം-ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: മീനച്ചിൽ ഇടമറ്റം സെന്റ് മൈക്കിൾസ് ചർച്ച് ട്രസ്റ്റിയുടെ 22.01.2019 ലെ അപേക്ഷ.

==========================================================================

**ഉത്തരവ് നമ്പർ C/127/2019/D.Dis, തീയതി : 01.02.2019.**

==========================================================================

കോട്ടയം ജില്ലയിലെ, മീനച്ചിൽ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള പൂവരണി വില്ലേജിൽ, റീ സർവ്വെ നമ്പർ 283/2, 283/3 എന്നിവയിൽ പെട്ട 16432 ച.മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്ത് നിലവിൽ 1340.76 ച.മീറ്റർ വിസ്തീർണ്ണത്തിൽ കെട്ടിടങ്ങൾ നിലവിലുള്ള പ്ലോട്ടിൽ 937.40 ച.മീറ്റർ വിസ്തീർണ്ണത്തിൽ ചർച്ച് കെട്ടിടവും, 24.39 ച.മീറ്റർ വിസ്തീർണ്ണത്തിൽ ടോയ്ലറ്റ് ബ്ലോക്കും നിർമ്മിച്ചിട്ടുള്ളതിന്, KPBR-2011 ലെ ചട്ടങ്ങൾക്കും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിനും കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും, ലഭ്യമാക്കേണ്ട എൻ.ഒ.സി, അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം മാത്രമെ കെട്ടിട നിർമ്മാണ ക്രമവൽക്കരണാനുമതി സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളു.

**നിബന്ധനകൾ**

1. KPBR-2011ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, റീ സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥല പരിശോധന നടത്തിയും ഉറപ്പു വരുത്തണം.

2. ഖര-ദ്രവ മാലിന്യ സംസ്ക്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.

3. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേതാണ്.

4. നിർദ്ദിഷ്ട വസ്തു പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടിട്ടില്ല എന്ന് രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പു വരുത്തണം.

5. പരിസര മലിനീകരണം ഉണ്ടാകുന്നില്ലെന്ന് പരിശോധിച്ച് സെക്രട്ടറി ഉറപ്പു വരുത്തണം.

6. ചട്ടം 57(8) പ്രകാരം അഗ്നി സുരക്ഷാ സർവ്വീസസിൽ നിന്നുള്ള അനുമതി ആവശ്യമാണ്.

7. ചട്ടം 7(8) പ്രകാരം ജില്ലാ കളക്ടറുടെ അനുമതി ആവശ്യമാണ്.

8. ചട്ടം 57(10) പ്രകാരം എല്ലാവിധ അഗ്നി സുരക്ഷാ സംവിധാനങ്ങളും ഉറപ്പു വരുത്തണം.

9. ചട്ടം 57 (12 B) പ്രകാരം മലിനജലം പുനരുപയോഗിക്കുന്നതിന് ആവശ്യമായ സംവിധാനം ഉറപ്പു വരുത്തണം.

10. പാർക്കിംഗ് ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്നും വാഹനങ്ങൾ സുഗമമായി തിരിയുന്ന തിനുള്ള സൗകര്യത്തോടു കൂടിയതുമാണ് എന്നും അവ ഭാവിയിൽ മറ്റ് ആവശ്യ ങ്ങൾക്ക് ഉപയോഗിക്കില്ല എന്നും സെക്രട്ടറി ഉറപ്പാക്കണം.

11. ശാരീരിക വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ ചട്ടപ്രകാരം നൽകിയി ട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.

12. ചട്ടം 57 (9) പ്രകാരം ലൈറ്റിംഗ് & വെന്റിലേഷൻ ലഭ്യമാകുന്നുണ്ടെന്നും ഫയർ എസ്കേപ്പ് സ്റ്റെയർ ചട്ടപ്രകാരമാണെന്നും സെക്രട്ടറി ഉറപ്പാക്കണം.

13. ചർച്ച് കെട്ടിടത്തിലേയ്ക്കുള്ള ടവറിലേയ്ക്ക് പൊതുജന പ്രവേശനം ഒഴിവാക്കി, അപേക്ഷകൻ ഗ്രാമ പഞ്ചായത്തിൽ രേഖാമൂലം അറിയിച്ചിട്ടുള്ള ഉപയോഗത്തിനും മാത്രമായി ക്രമീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി ഉപ്പാക്കേണ്ടതാണ്.

14. കെട്ടിട നിർമ്മാണം പൂർത്തിയായി ഉപയോഗിക്കുന്നതിനാൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉപയോഗം ഉറപ്പാക്കിയതിന് ശേഷം KPBR-2011 അദ്ധ്യായം XII പ്രകാരം ക്രമവൽക്കരിക്കാവുന്നതാണ്.

15. KPBR-2011 നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.

16. മേൽ അംഗീകാരം കെട്ടിട നിർമ്മാണം തുടങ്ങുന്നതിനുള്ള അനുമതി അല്ല. KPBR-2011 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ അവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ട താണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം അവ ലഭിച്ചതിനു ശേഷം മാത്രമെ സെക്രട്ടറി ക്രമവൽക്കര ണാനുമതിയ്ക്ക് പരിഗണിക്കാവൂ.

അംഗീകരിച്ച സൈറ്റ് പ്ലാൻ 07/19/KTM ഉള്ളടക്കം ചെയ്യുന്നു.

OFFICE OF THE TOWN PLANNER PIN - 686 001 PH: 2564160 KOTTAYAM

സുജ മത്തായി
ടൗൺ പ്ലാനർ

ട്രസ്റ്റി
സെന്റ് മൈക്കിൾസ് ചർച്ച്
ഇടമറ്റം, മീനച്ചിൽ (പ്ലാൻ 1 സെറ്റ് സഹിതം)

പകർപ്പ് : 1. സെക്രട്ടറി
മീനച്ചിൽ ഗ്രാമ പഞ്ചായത്ത്
2. അധികം -1

MD/02.02.19